# നൗറ


KANNUR
ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ
ആരംഭിച്ചിരിക്കുന്നു
YUVA VIMUKTHI
MALABAR CANCER CARE SOCIETY
SOUHRIDA CLUB
സ്കൂൾ ആരോഗ്യ പദ്ധതി
SCHOOL HEALTH PROGRAMME
GCHSS
GCHSS
നൗറ
LITTLE KITES
2018-2019

# ആമുഖം

വിദ്യാലയങ്ങൾ നാടിന്റെ ശക്തിമത്തായ സാംസ്കാരിക കേന്ദ്രങ്ങളാണ്. അറിവു നേടുക എന്നതിനപ്പുറം കുട്ടികളുടെ സാമൂഹ്യബന്ധമുള്ളവരാക്കി മാറ്റാനും സാംസ്കാരിക ബോധമുള്ളവരാക്കി മാറ്റാനും വിദ്യാലയങ്ങൾക്ക് കഴിയും. കുട്ടിയുടെ ബൗദ്ധികവും വൈകാരികവുമായ വളർച്ച പൂർണ്ണമാകുന്നതിന് വിവര വിനിമയ സാങ്കേതിക വിദ്യയുടെ സാധ്യതയും വർദ്ധിച്ച് വരികയാണ്. സാമൂഹിക വിഷയങ്ങളെക്കുറിച്ച് അറിയുന്നതിനും പ്രതികരിക്കുന്നതിനും കുട്ടികളിന്ന് സജ്ജമായിക്കഴിഞ്ഞു.അത്തരത്തിലുള്ള സർഗ്ഗാത്മക പ്രതികരണങ്ങളുടെ സമ്മേളനമാണ് ഈ മാഗസിൻ.

കേരളം അതിജീവിച്ച മഹാപ്രളയവും ജീവിതത്തെ ധന്യമാക്കുന്ന സ്നേഹവും കാത്തിരിപ്പും പാരിസ്ഥിതിക പ്രശ്നങ്ങളെ മുൻ നിർത്തി വിമർശനാത്മക സമീപനവും ഒക്കെ ഈ കൊച്ചു മാഗസിനിൽ ഉടനീളം കാണാം. ഇതിലെ കഥകളും കവിതകളും ഉപന്യാസങ്ങളും ചിത്രങ്ങളും വെളിപ്പെടുത്തുന്നത് കുട്ടികളുടെ മനസ്സിലെ നന്മയും ശാസ്ത്രീയ ബോധവും തന്നെയാണ്. "തേച്ചു മിനുക്കിയാൽ കാന്തിയും മൂല്യവും വാച്ചിടുന്ന കല്ലുകൾ" ഉൾത്താളുകളിൽ കാണാനാവും. ഇനിയും മിനുക്കിയെടുക്കാൻ അവസരവും ശ്രമവും ഉണ്ടാവുകയെന്നതാണ് പ്രധാനം. ലിറ്റിൽ കൈറ്റ്സിന്റെ ഈ ഉദ്യമം സഹൃദയ സമക്ഷം സമർപ്പിക്കട്ടെ....

ചീഫ് എഡിറ്റർ,

അബ്ദുൽ നസീർ കെ പി

# അവതാരിക

പൊതു വിദ്യാലയങ്ങളിൽ പഠനപ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായി പഠന സഹായി എന്ന നിലയിൽ വിവര വിനിമയ സാങ്കേതിക വിദ്യ ഉപയേഗിച്ചുവരികയാണ്. ഇതിനായി കൈറ്റ് എന്നപേരിൽ ഒരു പദ്ധതി വിദ്യഭ്യാസ വകുപ്പുമായി ചേർന്ന് പ്രവർത്തിച്ച് വരുന്നു .ഈ പദ്ധതിയുടെ ഭാഗമായി കുട്ടികളുടെ ഒരു കൂട്ടായ്മ വിദ്യാലയങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.അതാണ് " ലിറ്റിൽ കൈറ്റ്സ് ".

എട്ടാം തരത്തിൽ നിന്നും തെരെഞ്ഞെടുക്കുന്ന കുട്ടികളാണ് ഇതിലെ അംഗങ്ങൾ. ഈ കുട്ടികൾക്ക് -ആനിമേഷൻ, ഇന്റർനെറ്റ്, മലയാളം ടൈപ്പിംങ്, സ്ക്രാച്ച്, മൊബൈൽ ആപ്, റോബോട്ടിക്സ്, ഇലക്ട്രോണിക്സ്,പ്രോഗ്രാമിംങ്, ഹാർഡ്‌വയർ തുടങ്ങിയ നിരവധി മേഖലയിൽ പ്രത്യേക പരിശീലനം നൽകി വരുന്നു. സ്കൂൾ തലത്തിൽ ആഴ്ചയിൽ ഒരു മണിക്കൂർ ക്ലാസ് , സ്കൂൾ തല ക്യാമ്പ്,- തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക്-സബ് ജില്ലാ ക്യാമ്പ്, ജില്ലാ ക്യാമ്പ്, സംസ്ഥാന തല ക്യാമ്പ്, എന്നിങ്ങനെ പോകുന്നു ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ..........

പുതു തലമുറയെ കാലാനുസൃതമായി വളർത്തുന്നതിൽ ഇത്തരം പദ്ധതികൾ നിസ്തുലമായ പങ്കു വഹിക്കുന്നു. കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കുന്നതിനായി "ലിറ്റിൽ കൈറ്റ്സ്" ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കി അവതരിപ്പിക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായി ഗവ: സിറ്റി ഹയർ സെക്കന്ററി സ്കൂളിലെ കുട്ടികളുടെ രചനകൾ ഇവിടെ അവതരിപ്പിക്കുകയാണ്...........

ഡിജിറ്റൽ യുഗത്തിലേക്ക് ഒരു കാൽവെയ്പ്പ്...............

റുക്സാന എം പി , ജീവശാസ്ത്രം അധ്യാപിക,
(SITC)

# എഡിറ്റോറിയൽ ബോർഡ്

ഗവ: സിറ്റി ഹയർസെക്കന്ററി സ്കൂൾ

**ചീഫ് എഡിറ്റർ** : **അബ്ദുൽ നസീർ കെ.പി.**
(ഹെഡ്മാസ്റ്റർ,ജി.സി.എച്,എസ്,എസ്)

സബ് എഡിറ്റേർസ് : വിലാസിനി. ടി വി
റുക്സാന എം പി
സത്താർ പി വി
പ്രസീന ഡി കെ
നഹീദ എ ടി

സ്റ്റുഡന്റ് എഡിറ്റേർസ് : നാജിഹ് വി
ഹിബ ആഷിഖ്

കവർ ഡിസൈനിംഗ് : നാജിഹ്.വി

മലയാളം ടൈപ്പിംഗ് : നാജിഹ് വി, സാന്ദ്ര പി , ശ്വേത , ഗ്രീഷ്മ ,
സഹൽ വി പി , നാസിഫ് വി പി

പേജ് ലേഔട്ട് : നാജിഹ് വി

# ആശംസ

മാറിക്കൊണ്ടിരിക്കുന്ന കാലത്ത് വിവര സാങ്കേതിക വിദ്യയുടെ അനന്തസാധ്യതകളെ കുട്ടികളുടെ സർഗ്ഗാത്മകവികസനത്തിന് ഉപയേഗപ്പെടുത്താനുള്ള ശ്രമം അഭിനന്ദനീയമാണ്. ക്ലാസുമുറികൾക്കപ്പുറം കുട്ടികളുടെ ഭാവനാശേഷി വികസിക്കുകയും പ്രവർത്തനക്ഷമമാവുകയും ചെയുന്ന ഇത്തരം പ്രവർത്തനങ്ങൾക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

വിലാസിനി ടീച്ചർ
(മലയാളം അധ്യാപിക)

# ആശംസ

ലിറ്റിൽ കൈറ്റ്സിലെ കുട്ടികൾ ഒരു മാഗസിൻ തയ്യാറാക്കിയതായി കണ്ടു. സകലതും ഡിജിറ്റലായി മാറിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് കുട്ടികൾക്ക് അതിനൊരു അവസരം തുറന്നു കൊടുത്ത IT@School നെ ആദ്യമായി അഭിനന്ദിക്കുന്നു.

കുട്ടികൾക്ക് ഇപ്പോൾ കിട്ടുന്ന ഈ അനുഭവം താൽപര്യമുള്ള കുട്ടികൾക്ക് ഭാവിയിൽ ഒരു മുതൽക്കൂട്ടായി മാറും. കൂടാതെ ഇത് ഒരു പരിസ്ഥിതി സൗഹൃദ ഉദ്യമം കൂടിയാണ്. മരങ്ങൾ വ്യാപകമായി നശിപ്പിക്കപ്പെടാതെ കടലാസ് രഹിത ഉദ്യമത്തിലൂടെ തങ്ങളുടെ സർഗ്ഗാത്മകത പുറം ലോകത്തെ അറിയിക്കാനാവുക എന്നത് ചില്ലറ കാര്യമല്ല. ഈ സംരഭത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു......................

സത്താർ മാസ്റ്റർ
(അറബിക് അധ്യാപകൻ)

# ആശംസ

ഗവൺമെന്റ് സിറ്റി ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിന് എന്റെ എല്ലാ വിധ ആശംസകളും നേരുന്നു.

ആസാദ് എ

(പി ടി എ പ്രസിഡന്റ്)

# നന്ദി പ്രകാശനം

KITE ന്റെ ഭാഗമായി കേരളത്തിലെ മിക്ക സ്കൂളുകളിലും പ്രവർത്തിക്കുന്ന വിദ്യാർത്ഥി കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. ഗവൺമെന്റ് സിറ്റി എച്ച്.എസ്.എസി ലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിനാണ് ഇത്. ഇതിന്റെ നിർമ്മാണത്തിൽ നമ്മെ സഹായിച്ച് സഹകരിച്ച ഹെഡ് മാസ്റ്റർ, മറ്റ് അധ്യപകർ, ലിറ്റിൽ കൈറ്റ്സ് മെമ്പർമാർ തുടങ്ങി എല്ലാവർക്കും ഞങ്ങൾ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

നാജിഹ് വി
(സ്റ്റുഡന്റ് എഡിറ്റർ)


## നൗറഃ ഉള്ളടക്കം


നൗറ....1
എഡിറ്റോറിയൽ ബോർഡ്....4
ഗവ:സിറ്റി ഹയർസെക്കന്ററി സ്കൂൾ....4
ചീഫ് എഡിറ്റർ : അബ്ദുൽ നസീർ കെ.പി....4
ആശംസ....5
മാറിക്കൊണ്ടിരിക്കുന്ന കാലത്ത് വിവര സാങ്കേതിക വിദ്യയുടെ അനന്തസാധ്യതകളെ കുട്ടികളുടെ സർഗ്ഗാത്മകവികസനത്തിന് ഉപയേഗപ്പെടുത്താനുള്ള ശ്രമം അഭിനന്ദനീയമാണ്. ക്ലാസുമുറികൾക്കപ്പുറം കുട്ടികളുടെ ഭാവനാശേഷി വികസിക്കുകയും പ്രവർത്തനക്ഷമമാവുകയും ചെയുന്ന ഇത്തരം പ്രവർത്തനങ്ങൾക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു....5
ആശംസ....6
നന്ദി പ്രകാശനം....8
ഉപന്യാസം....11
നാജിഹ് വി (9B) പ്രളയം:- മലയാളികൾപഠിക്കേണ്ട പാഠം....11
കവിത....14
*തടാകം....14*
കഥ....15
ജീവൻ....15
കവിത....20
കാത്തിരിപ്പ്....21
ജലചരായം....22
കവിത....23
കാത്തിരിപ്പ്....24
....25
പ്രളയം : മലയാളികൾ പഠിക്കേണ്ട പാഠം....25
....28
ഹിബാ ആഷിക് (10A)....28
Essay....28
Influence of Social media among Youngsters....28
പെൻസിൽ ഡ്രോയിംഗ്....30
കഥ....31
പ്രഭാതത്തിൽ പെയ്യുന്ന ചാറ്റൽ മഴ....31
POEM....34
ഹിബാ ആഷിക് (10A)....34
A VILLAGE....34
പെൻസിൽ ഡ്രോയിംങ്ങ്....35
ഡ്രോയിംഗ്....37

നൗറ


ഡ്രോയിംഗ്...........................................................................................................................................39
പെൻസിൽ ഡ്രോയിംഗ്..............................................................................................................................45
ജലഛായം..............................................................................................................................................48
ജലഛായം..............................................................................................................................................49
ജലഛായം..............................................................................................................................................50
മലയാളത്തിളക്കം....................................................................................................................................52

# ഉപന്യാസം



നാജിഹ് വി (9B)

## പ്രളയം:- മലയാളികൾപഠിക്കേണ്ട പാഠം.

കേരളത്തെ ആകെ പിടിച്ച കുലുക്കിയ ലോക ശ്രദ്ധ തന്നെ നേടിയ ഒരു മഹാ ദുരന്തമായിരുന്നു ഈ കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയം. ധാരാളം പേരുടെ മരണത്തിനും കൃഷിയുടെയും വീടുകളുടെയും നാശനഷ്ടത്തിനും കാരണമായിരുന്ന ഈ പ്രളയം മലയാള മനസ്സിൽ ഒരു തീരാദു:ഖമാണ് സമ്മാനിച്ചത്. 1924 ന് ശേഷം കേരളം കണ്ട ഏറ്റവും വലിയ പ്രളയമാണിത്. കേരളം അതിജീവനത്തിന്റെ പാതയിലാണിപ്പോൾ. പ്രളയം കാരണം മലയാളികൾ ഒട്ടേറെ പാഠങ്ങൾ പഠിച്ചു. ഇനിയും പഠിക്കാനുണ്ട്.

അനധികൃത ഖനനവും വനനശീകരണവും ഈ ദുരന്തത്തിന്റെ വ്യാപ്തി കൂട്ടി എന്ന് തന്നെ പറയാം. ഇതിൽ

നിന്ന് നാം പഠിക്കേണ്ട ആദ്യ പാഠവും ഇത് തന്നെയാണ്. നാം പ്രകൃതിയെ ദ്രോഹിച്ചാൽ പ്രകൃതി തിരിച്ചും നമ്മെ ദ്രോഹിക്കും. ഇത് ചെയ്തവർക്ക് തന്നെ ഇതിന്റെ ശിക്ഷകിട്ടില്ല. ഭൂമിയുടെ അകത്തളങ്ങളിൽ മാറ്റങ്ങൾ വരുത്തിയത് വമ്പൻ കോർപ്പറേറ്റുകാരും മറ്റുള്ളവരുമാണെങ്കിൽ ഇത് അനുഭവിച്ചത് കൂടുതലായും സാധാരണക്കാരായ ജനങ്ങളാണ്.

കേരളത്തിൽ പ്രധാനമായി ഉണ്ടായ ജാതിയുടെയും മറ്റും മതിലുകൾ പൊളിക്കാൻ ഈ പ്രളയം കൊണ്ട് സാധിച്ചിട്ടുണ്ട്. പ്രളയസമയത്ത് രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ടുന്നവർ ജാതിയും മതവും നോക്കിയായിരുന്നില്ല രക്ഷിച്ചത്. ക്ഷേത്രങ്ങൾ മുസ്ലിംകൾക്ക് പെരുന്നാൾ നമസ്കാരത്തിനും പള്ളികൾ ദുരിതാശ്വാസകേന്ദ്രങ്ങളായി മാറിയതും നാം പത്രത്താളുകളിൽക്കൂടി കണ്ടുമനുഭവിച്ചും അറിഞ്ഞതാണ്. ജാതിയുടെയും മതത്തിന്റെയും മതിലുകൾക്ക് സമൂഹത്തിൽ ഒരു പ്രാധാന്യവുമില്ല എന്ന തിരിച്ചറിയലാണ് പ്രളയബാധിതകേരളം പഠിക്കേണ്ട രണ്ടാമത്തെ പാഠം.

തന്റെ മുതുക് ചവിട്ടുപടിയായി തോണിയിൽ കയറാൻ മറ്റുള്ളവർക്ക് സഹായം ചെയ്തുകൊടുത്ത ജെയ്സനും ദുരിതാശ്വാസ നിധിയിലേക്ക് വസ്ത്രം ചോദിച്ചപ്പോൾ തന്റെ വസ്ത്രക്കട മുഴുവനായും നൽകിയ ഫൈസലും ഇന്ത്യൻ

നാവിക വ്യോമ സേനകൾക്ക് പോലും പ്രവേശിക്കാൻ കഴിയാതെ പിന്മാറിയ കേരളത്തിന്റെ പല ഉൾപ്രദേശങ്ങളിലും സ്വന്തം വള്ളവുമായി ചെന്ന് അവരെ രക്ഷിച്ച കേരളത്തിലെ മത്സ്യത്തൊഴിലാളികളിൽ നിന്നും ഒട്ടേറെ പാഠങ്ങൾ നമുക്ക് പഠിക്കാനുണ്ട്.

ആൾക്കാരെ രക്ഷിച്ചതിന് കേരള സർക്കാർ നൽകിയ മൂവായിരം രൂപ തങ്ങളുടെ സഹോദരങ്ങളെ രക്ഷിച്ചതിന് വേണ്ട എന്ന് പറഞ്ഞ് നിരസിച്ച മത്സ്യത്തൊഴിലാളികളിൽ നിന്നാണ് മൂന്നാമത്തെ പാഠം പഠിക്കാനുള്ളത്. സഹോദരനെ സ്നേഹിക്കുന്നത് പണത്തിനുവേണ്ടിയല്ല എന്നതാണ് ഇവർ നമുക്ക് നൽകുന്ന പാഠം.

പ്രളയശേഷം ദുരിതാശ്വാസനിധിയിലേക്ക് സഹായ പ്രളയമായിരുന്നു. മാസശമ്പളവും കോടികളും ലക്ഷങ്ങളുമായി ഓരോരുത്തരും കഴിയുന്ന വിധം കേരളത്തെ സഹായിച്ചു.

പ്രളയകേരളത്തിൽ നിന്നു മലയാളികൾ പഠിക്കാനുണ്ട്. മനുഷ്യൻ വരുത്തിവെച്ചതാണ് ഈ പ്രളയത്തിന്റെ ശക്തി കൂട്ടാൻ കാരണം.........

# കവിത

## *തടാകം*



വിലാസിനി ടീച്ചർ

തടാകക്കരയിൽ

ആഴമറിയാതെ കുഴങ്ങി നിൽക്കുന്നവൻ

തുഴയെറിയാൻ തുനിയുമ്പോഴെല്ലാം ഉൾക്കണ്ണിനാലവൻ

തടയുന്നതു പോലെ.

കെട്ടിക്കിടന്നതിന്റെ ആലസ്യമുണ്ടാകുമെന്ന മുൻധാരണയെ പൊളിച്ചെഴുതാനൊന്നും അവൾ മെനക്കെടില്ല.

കയങ്ങളെപ്പെറ്റ് ഉള്ളുറപ്പിന്റെ ശിലകളെപ്പോറ്റി മദിക്കുന്നവൾ.

തിരകളടങ്ങിയ നിർമ്മലാനന്ദ ശാന്തതയിലക്കവൻ കുനിയും.

തന്നെക്കാണാഞ്ഞ് തിരികെ നടക്കും.

വരുമവൻ നാളെയും'. മെല്ലെയിറങ്ങാൻ കാലെടുത്തു

വയാക്കും,.

പിറ്റേന്ന് ഒരു കോലെടുത്തു കുത്തി നോക്കും.

ആവില്ലവന് ഒരിക്കലുമിറങ്ങാൻ.

ഒടുവിൽ
കണ്ണു ചിമ്മിയാലും
മനസ്സു ചിമ്മാനാവാതെ
*തളരും*

# കഥ



ഹിബാ ആഷിക്
10B

## ജീവൻ

പാതി അവശേഷിച്ച ചായക്കപ്പുമായി ജിവൻ അടുക്കളയിലേക്ക് നടന്നു. ഇന്നലെ നടന്ന സംഭവവികാസങ്ങളുടെ ഫലമെന്നോണം അടുക്കളയാകെ കലങ്ങി മറിഞ്ഞു കിടക്കുന്നു. ചില്ലുപാത്രങ്ങളിൽ ചിലത് പൊട്ടിച്ചിതറി ഒരു മൂലയിൽ ഉറങ്ങുന്നു. ചായക്കപ്പ് അടുക്കളയിൽ വെച്ച് ജീവൻ തന്റെ വായനാമുറിയിലേക്ക് നടന്നു. തനിക്ക് ഏറെ ഇഷ്ടപ്പെട്ട കഥാകൃത്ത് ബഷീറിന്റെ നോവലുകളിൽ ഒന്ന് അയാൾ തെരഞ്ഞെടുത്തു . ബാല്യകാലസഖി, മനസ്സ് പ്രക്ഷോഭങ്ങളിൽ മുഴുകുമ്പോൾ അതിനെ ഒന്ന് ശാന്തമാക്കാൻ അയാൾ കണ്ടെത്തിയ വഴിയാകുന്നു, ഈ വായന . വായിക്കുമ്പോൾ മാത്രം ഉപയോഗിക്കുന്ന തന്റെ ഭ്രതകണ്ണാടി എടുത്ത് വെച്ച് അയാൾ വായന തുടങ്ങി.ജനാലയിലൂടെ പുറത്തെ കാഴ്ച അയാൾക്ക് കാണാമായിരുന്നു . മഴ തെല്ലൊന്ന് ശമിച്ചിട്ടുണ്ട്. രണ്ട് പേജ് വായിച്ചു പിന്നെ അയാൾ പുസ്തകം പൂട്ടി വെച്ചു .വായനയിലും അയാൾ തേടുന്ന ആശ്വാസം ലഭിച്ചില്ല .താൻ ചെയ്ത തെറ്റ് ഒരു കുന്തമുനപോലെ തന്നിലേക്ക് തന്നെ കുതിച്ച് വരുന്നതായി തോന്നി.

ഇല്ല, താൻ തെറ്റൊന്നും ചെയ്തിട്ടില്ല ...നിറഞ്ഞ് ഒന്നൊഴുകാൻ

വെമ്പുന്ന കണ്ണുകൾ അയാൾ ചെറുതായി അടച്ചു. മിഴിയിണകളിൽ നിന്നും ചൂടുള്ള കണ്ണുനീർ നീർച്ചാൽ കണക്കെ ഒഴുകി.

ജീവന്റെ മാതാപിതാക്കൾക്ക് അയാൾ ഒറ്റ മകനായിരുന്നു. ഏറെ കാലത്തെ കാത്തിരിപ്പിന് ശേഷം കിട്ടിയ പൊന്നോമന......അതുകൊണ്ട് തന്നെ എല്ലാ നിയന്ത്രണങ്ങളിൽ നിന്നും അവൻ സ്വതന്ത്രനായിരുന്നു. തോന്നിയത് ചെയ്യാം............................................തോന്നുമ്പോൾ തോന്നുന്നതെന്തോ..........അടിച്ചുപൊളിച്ച് പാറിപ്പറന്ന് ജീവിക്കുമ്പോഴും മാതാപിതാക്കളെ വിഷമിപ്പിക്കുന്ന ഒരു പ്രവർത്തനങ്ങളൊന്നും അവനിൽ നിന്നുണ്ടായിരുന്നില്ല. അത് ദമ്പതികളെ അങ്ങേയറ്റം

സന്തോഷിപ്പിച്ചു. നന്നായി പഠിക്കുകയും വായിക്കുകയും ചെയ്യുമായിരുന്നു ജീവൻ. അത്കൊണ്ട് അവന്റെ പിതാവ് ബഷീറിന്റെ ഒരുപാട് കൃതികൾ നിറച്ചുകൊണ്ട് വായനയ്ക്കായി ഒരു മുറി തന്നെ അവന് നൽകി . ബഷീറിന്റെ കൃതികളോട് ഒരു ഭ്രാന്തമായ ഇഷ്ടമായിരുന്നു ജീവന് . ക്ലാസിൽ ഒന്നാമത്തെ സ്ഥാനം എന്നും ജീവനായിരുന്നു .

അങ്ങനെയിരിക്കെ , തന്റെ പിറന്നാൾ ഗംഭിരമായി തന്നെ പിതാവ് അവനായി അവന് ഏറെ ഇഷ്ടപ്പെട്ട ബൈക്കും വാങ്ങി നൽകി . ദിവസങ്ങൾ കൊണ്ട് ലൈസൻസും എടുത്തു വെച്ചു . പിന്നീട് കറങ്ങലായിരുന്നു പണി. പ്രായത്തിന്റെ വികൃതികളിൽ പലതും അവൻ കാണിച്ചുക്കൂട്ടി. ജീവൻെ പിതാവ്, കോളേജിൽ സസ്പെൻസ് കിട്ടി മാന്യമായി വീട്ടിൽ കയറി വന്നപ്പോഴും മാതാപിതാക്കൾ അവനെ സ്നേഹിച്ചതെ ഉള്ളൂ......വളരെ സുന്ദരമായി ജീവിക്കുകയായിരുന്നു , ജീവൻെ വഴി പിന്നിട് പതിയെ താളം തെറ്റി... ലഹരിയിലും കഞ്ചാവിലും മയക്കു മരുന്നിലും ചീത്ത കൂട്ടു കെട്ടിലും മദ്യത്തിലും അവൻ അടിമപെട്ടു . വീട്ടിലറിഞ്ഞ ദിവസം ആ മാതാപിതാക്കൾ

ആദ്യമായി അവനെ ശകാരിച്ചു . ലഹരിയിൽ നിന്ന് മുക്തനാകാതെ അവൻ കൈയിൽ കിട്ടിയ ഒരു ഇരുമ്പെടുത്ത് പിതാവിന്റെ തലയിൽ ആഞ്ഞടിച്ചു . തൽക്ഷണം ചോര വാർന്ന് പിതാവിന് മരണം സംഭവിച്ചു . കരഞ്ഞ് നിലവിളിച്ചിരുന്ന ആ അമ്മയുടെ മുന്നിൽ നിന്ന് അവൻ അട്ടഹസിച്ചു . ചിരിച്ചു ബോധമില്ലാതെ ചിരിച്ചു . ഒരുപാട് ഒരുപാട്. മരണാനന്തരകർമ്മങ്ങൾ ചിരിച്ചു നിർവഹിച്ചു .

ദിവസങ്ങൾ കഴിഞ്ഞു. ദിനങ്ങൾ ഓരോന്നവനെ പഠിപ്പിച്ചു. അമ്മ

പരാതിയൊന്നും കൊടുക്കാത്തതിനാൽ കേസൊന്നും ഉണ്ടായിരുന്നില്ല നാൾക്ക് നാൾ കഴിഞ്ഞപ്പോൾ അവൻ തിരിച്ചറിഞ്ഞു . ഒരു വെളിപാടിന്റെ പുറത്തെന്നപോലെ ഞാൻ എന്റെ പിതാവിന്റ ജീവനെടുത്തിരിക്കുന്നു . .....! അമ്മയുടെ മടിയിൽ കിടന്നവൻ അലറി വിളിച്ചു . ...കരഞ്ഞു ....! ഒരു ഭ്രാന്തനെ പോലെ കരഞ്ഞു തളർന്നവൻ വീണു . .... ഉണർന്നയുടൻ അവൻ ഓടി വായനാമുറിയിലേക്ക് ബഷീറിന്റെ നോവൽ വായിച്ച് അവൻ മനസ്സിനെ ശാന്തമാക്കി ......! മാസങ്ങൾ നീണ്ട പ്രയത്നം കൊണ്ട് അവൻ തന്റെ എല്ലാം ദുസ്സ്വഭാവങ്ങളിൽ നിന്നും മോചിതനായി .....

അമ്മയുടെ സ്നേഹവാൽസല്യങ്ങൾ  അവൻ നേടിയെടുത്തു .ഒരു പുതിയ ജീവിതത്തിലേക്കവൻ  നടന്നുകയറി.

കൊച്ചുകുഞ്ഞിനെ പോലെ അവൻ അച്ഛനെ ഓർത്ത് പലപ്പോഴായി അമ്മയുടെ കൈ പിടിച്ച് കരഞ്ഞു. അപ്പോഴൊക്കെയും ബഷീർ അവന് സ്വാന്തനമായി ചെറുതായെങ്കിലും

വർഷങ്ങൾ കഴിഞ്ഞു . അവൻ ഒരു കമ്പനിയിൽ മാനേജറായി നിയമിക്കപെട്ടു. സുഖസുന്ദരാമായ ജീവിതം അമ്മയോടൊത്ത് അവൻ

സന്തോഷത്തോടെ ജീവിച്ചു . അവൻെറ ജീവിതത്തിലേക്ക് ഒരു പെണ്ണും കടന്നുവന്നു .വേറൊരു കമ്പനിയിലെ ഉദ്യോഗസ്ഥ അമ്മയും ജീവിത സഖിയും അവന് പിന്തുണയായി എല്ലാത്തിലും കൂടെയുണ്ടായിരുന്നു . അങ്ങനെയിരിക്കെ അപ്രതീക്ഷിതമായി ജീവൻെറ സുന്ദരജീവിതത്തിന് കറുത്തപാട് വീണത് . തൻെറ ഏറ്റവും പ്രിയപ്പെട്ട അമ്മയും ഭാര്യയും തമ്മിൽ പോര് ...... ജീവിതത്തിലെ സുന്ദരമായ നിമിഷങ്ങൾ അവസാനിക്കും പോലെ എന്നും വീട്ടിൽ വഴക്ക്. വൃദ്ധയായി വയ്യാത്ത ആ അമ്മയെ പലതും ചെയ്യിപ്പിച്ച് ഭാര്യ രോഷം തീർത്തു .അമ്മ അടുക്കളകാരിയായി മുദ്രകുത്തപ്പെട്ടു. ഇന്നലെ ഓഫിസിൽ നിന്ന് വന്നപ്പോൾ മുട്ടൻ വഴക്കായിരുന്നു . അമ്മയും ഭാര്യയും തമ്മിൽ പൊരിഞ്ഞ യുദ്ധം.. കണ്ടുനിന്ന ജീവന് കലികയറി. എങ്കിലും കോപമടക്കിപ്പിടിച്ച് മുകളിലേക്ക് പോകാൻ ഒരുങ്ങുമ്പോളായിയിരുന്നു അത് സംഭവിച്ചത്... പെട്ടെന്നാണ് ധൈര്യത്തിൽ ഭാര്യ അമ്മയെ കുത്തി. തന്നിൽ ഒതുങ്ങിക്കൂടിയ വികാരങ്ങളുടെ പെരുമഴയുടെ പെയ്ത്തിൽ ജീവനിൽ ഒരു കാട്ടാളൻ ഉണർന്നു. അവനും തീർത്തു....തന്റെ രോഷം ഭാര്യയുടെ ജീവൻ എടുത്ത് കൊണ്ട്..വേണ്ട ആരും വേണ്ടെനിക്ക്...ഏകനായി ജീവിച്ചോളാം.. ഞാൻ... കണ്ണ് മെല്ലെ തുറന്നു. ജീവൻ പുറത്തേക്ക് നോക്കി.... മഴ വീണ്ടും വീണ്ടും പെയ്തുകൊണ്ടിരുന്നു......

.........................................................................................................................................................

# ജലചരായം


സഹൽ വി പി

9B





# കവിത



നാജിഹ്.വി
9B

## കാത്തിരിപ്പ്

നാലു ളുണകൾക്കുള്ളിൽ
ഓടിട്ട ,പഴയ -
ആരും തിരിഞ്ഞു നോക്കാത്ത
ഒരു അനാഥാലയം

നടക്കാൻ കഴിയാതെ,
തിന്നാനും കുടിക്കാനും കഴിയാതെ
പൊട്ടിയ കട്ടിലിൽ പട്ടിയെ പോലെ
വൃദ്ധസദനത്തിൽ കഴിഞ്ഞ കാലം

മക്കളെ മരുമക്കളെ കാത്ത്
അവിടെ
ആ , അനാഥാലയത്തിൽ
ഒരു നീണ്ട കാത്തിരിപ്പ്

കാത്തിരിപ്പിന് കാര്യമില്ലെന്നറിഞ്ഞിട്ടും

വർഷങ്ങളോളം,കാലങ്ങളോളം

നൂറ്റാണ്ടുകളോളം

പഴക്കമുള്ള  കാത്തിരിപ്പ്

കഷ്ടപ്പെട്ട് പോറ്റി വളർത്തിയ-
തൻ മക്കൾ
അവരുടെ മക്കൾ
ആർക്കും വേണ്ട ഈ വിരൂപ ദേഹത്തെ

പണ്ട്

മക്കൾക്ക്  വേണ്ടി

ഓരോയിടങ്ങളിലും

കാത്തിരിക്കുന്നതിനെക്കുറിച്ച-

വർക്കറിഞ്ഞുവെങ്കിൽ

അൽപ്പം
സ്വൽപ്പം സ്നേഹവും
ഇഷ്ടവും
അവർക്കുണ്ടെങ്കിൽ
ഈ കാത്തിരിപ്പിന്
വിരാമം കുറിക്കാമായിരുന്നു

എല്ലാം ദൈവത്തിൻ നിശ്ചയം...

എന്നാലും കാത്തിരിക്കാം

അതായിരിക്കും എൻ വിധി

എന്നാലും കാത്തിരിക്കാം

# ജലചരായം



ഡാനിഷ് (6 B)



# കവിത



റബീഹ് (8B)

## കാത്തിരിപ്പ്

കാത്തിരിപ്പിൻ വില അറിയണമെങ്കിൽ
കാത്തിരിക്കണം
കാത്തിരിപ്പിൻ രസമറിയണമെങ്കിൽ
കാത്തിരിക്കണം
കാത്തിരിപ്പിൻ രസമുകുളങ്ങൾ
രസമറിയിക്കും
കാത്തിരുന്ന് കടൽ നിറഞ്ഞു
പുഴകവിഞ്ഞു
കാലവും കഴിഞ്ഞുപോയി
വേനലും കഴിഞ്ഞുപോയി്
മനസ്സ് നിറഞ്ഞുപോയി
ഉദയം വന്നു
അസ്തമയം വന്ന്
മഴയും വന്ന്
കാത്തിരിപ്പ് കഴിഞ്ഞില്ല
കാത്തിരിപ്പ് ശോഗമായി
കാത്തിരിപ്പ് തുടർന്നു
അത് പ്രണയത്തിൽ സാധാരണ തുടരും.



# ഉപന്യാസം



തൗഹീബ് (10B)

## പ്രളയം : മലയാളികൾ പഠിക്കേണ്ട പാഠം

2018 ഓഗസ്റ്റ് എന്നത് മലയാളികളെ സംബന്ധിച്ച് ഒരു നടുക്കപ്പെടുന്ന ഓർമയാണ് കാരണം കേരളത്തെ ഒട്ടേറെ പേർക്ക് വീട് നഷ്ടപ്പെട്ട സംഭവം കേരള ചരിത്രത്തിൽ തന്നെ ആദ്യമായാണ് ലക്ഷകണക്കിന് ആൾക്കാർ ദുരിതാശ്വാസ ക്യാമ്പിൽ കിടന്ന് ദുരിന്തമനുഭവിച്ചു . മരണപ്പെട്ടവരും ഉണ്ട് .ഇത് മലയാളികൾക്ക് എന്നും ഒരു പാഠമാണ്. വലിയ ബിൽഡിംങ്ങുകൾ പണിതുയർത്തി . അതിൽ മഴവെള്ളം ഭൂമിയിൽ ഇറങ്ങാത്തവിധം ഇന്റർലോക്കും ഇട്ട് വീടിന് മോടി പിടിപ്പിക്കുമ്പോൾ വരാനിരിക്കുന്നആപത്തിനെ കുറിച്ച് ആരും ഓർക്കാത്തതാണ് ഇന്ന് ഈ ഗതിവന്നത്.

വലിയ കാറുകളും ബിൽഡിംങ്ങുകളും പ്രകൃർതിർയ എടുത്തു ഇപ്പോൾ പണക്കാരനും പാവപ്പെട്ടവനും ഭേദമില്ലാതെ പ്രകൃർതിയുടെ പരീക്ഷണത്തിന് മുന്നിൽ മുട്ടുകുത്തിയിരിക്കുകയാണ് .പക്ഷേ ഒരു കാര്യം ഈ പ്രളയം കൊണ്ട് ഉണ്ടായിയുണ്ട് ജനങ്ങളുടെ ഒരുമയാണത് . ജാതി -മത-

വ്യത്യാസങ്ങളില്ലാതെ എല്ലാവരും അറിഞ്ഞ് സഹായിച്ചിട്ടുണ്ട്. നമ്മൾ വ്യത്തിയായി വിചാരിക്കുന്ന കടലിന്റെ മക്കളായ മത്സ്യത്തൊഴിലാളികളാണ് അവസാനം എല്ലാവരെയും രക്ഷിക്കാനെത്തിയത്. ഒരായുഷ് കാലം വസനം കൂട്ടിവെച്ചതെല്ലാം .

ഈ പ്രകൃതി സ്വന്തമാക്കി ഇനി എല്ലാവർക്കും ഒന്നുമുതലേ തുടങ്ങാം . ഈ പ്രളയത്തിന് സഹായവുമായി അയൽ രാജ്യങ്ങൾ വന്നെങ്കിലും കേന്ദ്ര സർക്കാറുകൾ അതു സ്വീകരിക്കുന്നില്ല. പണക്കാരൻ പാവപ്പെട്ടവൻ എന്ന ഭേദമില്ല ഇവിടെ എല്ലാവർക്കുമാണ്. ഈ ദുരന്തം നമ്മുടെ കണ്ണ് തുറപ്പിക്കുകയാണ്. വലിയ സ്വത്തുണ്ടാക്കി മറ്റുള്ളവരേക്കാൾ ഉയർന്ന നിലയിൽ എത്താൻ വേണ്ടി എല്ലാം ഉണ്ടാക്കി വെച്ചിട്ട് കാര്യമില്ല . ഇതു പോലെ ഒരു ദുരന്തം മതി ജീവതം മാറി മറയാൻ . ഈ ഒരു ദുരന്തം അതിജീവനത്തിന്റെ പാതയാണ്. നമ്മുടെ നാടിന്റെ വികസനത്തോടനുബന്സിച്ച് നിർമ്മിച്ച എല്ലാം പദ്ധതികളും വെള്ളത്തിലായി . മാത്രമല്ല ഇനി നാടിന്റെ വികസനം ഒന്നു മുതലേ തുടങ്ങണം. ശക്തമായ മഴയോടനുബന്ധിച്ച് ഉരുൾപൊട്ടൽ വരെ നേരിട്ടു നമ്മുടെ മലയാളികൾ. പാവപ്പെട്ടവനെ പോലെ ഒരു നേരത്തെ ഭക്ഷണത്തിന് വേണ്ടിയും വസ്ത്രത്തിനും വേണ്ടി ഇരന്നവർ എത്രയാണ്. വീട്ടുപകരണങ്ങളും കന്നുകാലികളെയും ഒലിച്ചുകൊണ്ടുപോയ ജലം മുന്നറയിപ്പില്ലാതെ ഡാം തുറന്നാണെന്ന് മലയാളികൾ ആശ്വാസം പറയുന്നുണ്ടെങ്കിലും

തങ്ങളുടെ നിർമാണത്തിലെ പിഴവാണെന്ന് ഒരിക്കലും സമ്മതിക്കില്ല.ഈ ദുരന്തം മലയാള നാടിനെ മാത്രമെല്ല മലയാള സംസ്കാരത്തെയും ഒഴുക്കി .ഈ ദുരന്തം നമ്മൾ മലയാളികൾക്ക് എന്നും ഒരു പാഠമാണ്. അത് നമ്മൾ ഓർത്തുക്കെള്ളുക.പ്രകൃതി നിയമത്തെ ആർക്കും തിരുത്താൻ കഴിയില്ല. പ്രളയം-. -മലയാളികൾക്ക് ഒരു പാഠം.

..............................................................................



ഹിബാ ആഷിക് (10A)

## Essay

# Influence of Social media among Youngsters

Nowadays,there is a huge number of people addicted in social media. Especially youngsters. Social media has more importance in daily life. It is a fact. It has merits and demerits. Social media certainly help us well to communicate with other. We can play via internet,video call,chat and etc...we can see the people who are very far away from us. It is very helpful side of internet. Even children are addicted in social media . Now facebook, whatsapp, instagram, imo, viber, skype twitter etc...are the applications useful to communicate others and to show our idea's. Social media gives up a golden chance to show our brilliant ideas. It encourages us well.

Social media has demerits too. If

we didn't use it right it will turn us dangerously. Do not addict in anything. Use mobile phone only for goodness.

Before some months,a game named “Blue Whale”become a wave in internet. It is a game which lead teenagers to suicide attempt. Some children passed away in the incident. They are the addicted ones in internet. They couldn't identify the good one and the bad one in social media. So they lost their lives.

..............................................................................

# പെൻസിൽ ഡ്രോയിംഗ്



ഫാമിൽ (9B



# കഥ



ഷിഹാബുദ്ദീൻ (10B)

# പ്രഭാതത്തിൽ പെയ്യുന്ന ചാറ്റൽ മഴ

അതിരാവിലെ ഞാൻ സന്തോഷത്തോടെ എഴുന്നേറ്റു.അപ്പോൾ സൂര്യൻ ആ ദിവസം മുഴുവൻ കാർ മേഘങ്ങൾ കൊണ്ട് ആകാശം

പന്തലിട്ടിരുന്നു.പിന്നെ പിന്നെ മെല്ലനെ ഇളം കാറ്റുകൾ വന്നു.അപ്പോൾ ഞാൻ വിചാരിച്ചു മഴയൊന്നും ഉണ്ടാകില്ലെന്ന് പിന്നെ ഞാൻ വീട്ടിൽ നിന്ന് പുറത്തേക്ക് ഇറങ്ങുമ്പോൾ ഒരു ചെറിയ പൊടിച്ചലോടെ മഴ

പെയ്യാൻ തുടങ്ങി ആ ദിവസം ഞാൻ സന്തോഷത്തിലായിരുന്നു. കാരണം രണ്ട് ദിവസം കഴിഞ്ഞാൽ നമ്മുടെ നാട്ടിൽ ഓണത്തിന്റെ

ആഘോഷവും ആർഭാടവും ആയിരിക്കും.ഞാൻ എന്റെ സുഹൃത്തിനെയും കുട്ടി ഓണത്തിന് പൂവിടാൻ വേണ്ടി പൂക്കൾ ശേഖരിക്കാൻ വേണ്ടി

ഓരോ പുറമ്പോക്ക് ഭൂമിയിലും,വീടുകളിലും കയറിയിറങ്ങി.അപ്പോൾ മഴ

കുറച്ച് ശക്തിയോടെ പെയ്യൻ തുടങ്ങി.ഞങ്ങൾ കാര്യമാക്കിയില്ല.ഞങ്ങൾ

ശേഖരിച്ച പൂക്കളും കൊണ്ട് വീട്ടിലേക്ക് നടന്നു.അപ്പോൾ വീട്ടുക്കരുടെ

വർത്തമാനം സന്തോഷമ്മുള്ളതായിരുന്നില്ല.സങ്കടം

നിറഞ്ഞതായിരുന്നു.ഞാൻ വെറുതെ കാരണം അറിയാൻ എന്റെ

അമ്മയോട് ഞാൻ ചോദിച്ചു.അമ്മേ അമ്മേ എന്താ സംഭവം.അപ്പോഴല്ലെ ഞാൻ അറിയുന്നത് ഇന്ന് ഞാൻ സന്തോഷിച്ചുകൊണ്ടിരുന്നതും ആസ്വദിച്ചുകൊണ്ടിരുന്ന ചാറ്റൽ മഴ നമ്മുടെ അയൽ ജില്ലകളിൽ പേമാരിയായി പെയ്തത് എന്ന ഞാൻ എന്റെ വീട്ടിലുള്ള ടെലിവിഷൻ

ഒന്ന് തുറന്ന് അതിൽ വാർത്തയുടെ ചാനൽ വെച്ച .അപ്പോൾ ഞാൻ കണ്ട ദൃശ്യം കണ്ണീര് കൊണ്ട് ആഴ്ന്ന ദൃശ്യമായിരുന്നു .മഴ ഇവിടെ ചാറ്റലായി പെയ്യുന്ന സമയം അവിടെ അതിശക്തിയിൽ പെയ്ത് അവിടെയുള്ള പുഴകളും,കുളങ്ങളും മറ്റുതടാകങ്ങളും എല്ലാം നിറഞ്ഞു മറിന്നു.ഒരുവശത്ത് കുട്ടികളും, ഒരുവശത്ത് അമ്മമാരും കരന്ഞ്ഞ് നിലവിളിച്ച്കൊണ്ടിരിക്കുന്ന സമയം ഒരുസംസ്ഥാനങ്ങളും നമ്മുടെജില്ലകളെ രക്ഷിക്കൻ മുന്നോട്ടേക്ക് മുനിർന്ന് വരുന്നില്ല.കാരണം അത്രയ്ക്കും അതി ഭീകരമായ വെള്ളത്തിന്റ പ്രളയമാണ്. ആജില്ലകളിലെ ജനങ്ങൾ വിശമത്തിൽ ആയിരുന്നു.ദവസങ്ങൾ അങ്ങനെ കഴിഞ്ഞു എന്നാലും പ്രളയത്തന് ഒരു അടക്കവും ഉണ്ടായല്ല.അന്ന് അടെയുണ്ടായ ജനങ്ങളുടെ അവസ്ത.പട്ടിണി നിറഞ്ഞതും,വട് ഇല്ലാതയും,സ്വന്തം ശരീരം മറക്കാൻ ഉടു തുണിക്ക് മറുതുണിയല്ലാതെയായതുന്നു. കാരണം ആ ജനങ്ങളുടെ മാത്രം പ്രശ്നമല്ല .എന്റെ നാടിന്റെ കൂടി പ്രശ്നമാണ്. അങ്ങനെ 2 ജില്ലകളിൽ മാത്രമെ സുരക്ഷ വിദയരായി ഉണ്ടായിട്ടുള്ളു........അപ്പോൾ ഞങ്ങൾ തീരുമാനിച്ചു .ഞങ്ങളിൽ നിന്നും കഴിയുന്നതിനപ്പുറം അവരെ സഹായിക്കണം ഓരോരോ ജനങ്ങളുടെയും അവസ്ഥ എന്തെന്ന് വെച്ചാൽ അവിടെ ഉയർന്ന ഉദ്യോഗസ്ഥനില്ല സിനിമാക്കാരെല്ലാ പണക്കാരനെല്ല , എല്ലാവരും എല്ലാ കാര്യം വെച്ച് നോക്കുമ്പോൾ സാമ്യൻമാർ മഴയ്ക്ക ഒരു കരുണയും ഉണ്ടായിട്ടില്ല .മഴ പെയ്യുന്തോറും ജനങ്ങളുടെ അവസ്ഥ ദുരിതത്തിൽ ആഴ്ന്നിറങ്ങി വരുകയായിരുന്നു . പക്ഷേ ഞങ്ങളുടെ നാട്ടിൽ മഴ ഉണ്ടായിരുന്നു പക്ഷേ അത് പ്രളയം ഉണ്ടാക്കിയിരുന്നില്ല . ചെറിയ മട്ടിൽ വീട്ടിൽ മുറ്റത്ത് ആദ്യം ഉണ്ടാകുന്നതു പോലെ തളം കെട്ടിനിന്നതുപോലെ മാത്രം . അന്ന് എനിക്ക് രണ്ട് വിഷമം ഉണ്ടായിരുന്നു . അനുഭവപ്പെട്ടത് ഒന്ന് പ്രളയം കൊണ്ട് ജനങ്ങൾ ദുരിതത്തിലാക്കിയ അവസ്ഥ രണ്ട് വർഷത്തിൽ ഒരിക്കൽ നാടുകാണാൻ

മാവേലിയെ വരവേൽക്കാൻ വരുന്ന അവസ്ഥ. എന്നാലും ഓണം ഞാൻ എന്റെ വീട്ടിൽ നിന്നു തന്നെ ആർബാഡങ്ങളൊക്കെ കുറിച്ച് നടത്തി. എന്നിട്ട് ഞങ്ങൾ ഒരു കൂട്ടായ്മ തുടങ്ങാൻ തീരുമാനിച്ചു . കൈ കോർക്കാൻ നമ്മുടെ നാട്ടിന്റെ സ്വയം രക്ഷക്ക് വേണ്ടി ഞങ്ങൾ ആദ്യം ചെയ്തത് ആ നാട്ടിൽ പോയി ജനങ്ങളുടെ അവസ്ഥ ഏറ്റവും ദുരിതത്തലായി രിക്കുന്നു അപ്പോൾ ഞാൻ ഏറ്റവും ദുരിതം അനുഭവക്കുന്ന സ്ഥലം കണ്ടത് നമ്മുടെ അയൽ നാടായ വയനാടായിരുന്നു .അവിടത്തെ ജനങ്ങൾ എല്ല ൽ തന്നെ ദുരിതം അനുഭവിക്കുന്നവരായിരുന്നു നങ്ങൾ നങ്ങളുടെ നാട്ടൽ ഉണ്ടായരുന്ന മുതർന്നവർ ചേർന്ന് ഒരുകൂട്ടം ഉണ്ടാക്കി അവർക്ക് വേണ്ടുന്ന സാധനങ്ങൾ ഏർപ്പടുത്തി കൊടുത്തു .അവർക്ക് വേണ്ടുന്ന അരി,വസ്ത്രം,മറ്റു ആവശ്യമായ എന്തും നങ്ങൾ അവർക്ക് എത്തച്ചു കൊടുത്തു അപ്പൊൾ ഞാൻ കണ്ടത് അവരുടെ മുഖത്ത് സങ്കടം കൊണ്ടുള്ള കണ്ണീരല്ല. സന്തോഷം നിറഞ്ഞ കണ്ണീരായിരുന്നു.കാരണം ആരും സഹായക്കാത്ത അവസ്ഥ വരുമ്പോൾ ഒന്ന് കൈ പടിച്ച് എഴുന്നേൽപ്പിച്ചത് നങ്ങളുടെ നാട്ടിൽ ഉണ്ടായ ഒരുകൂട്ടം ചെറുപ്പക്കാരായിരുന്നു .

..........................................................................................

# POEM



ഹിബാ ആഷിക് (10A)

## A VILLAGE

The sun is shining
It rise through the mountain
The dawn
Sparrows are chirping
Like Tanson's
melody
village is ready
for a beautiful dawn
the      trees are
dancing in  the breeze
naughty boys are
started their game......
laundry ladies are
ready to do...
pretty lilly girls walking
shyly........
the beautiful village.

.......................................................................................................................

# പെൻസിൽ ഡ്രോയിംങ്ങ്



സൽമാൻ (10B)




ound Help

# ഡ്രോയിംഗ്



നൗറാസ് (8A)



നൗറ


ഗവ: സിറ്റി ഹയർസെക്കണ്ടറി സ്കൂൾ
കണ്ണൂർ-3, കണ്ണൂർ വിദ്യാഭ്യാസ ജില്ല
PH: 0497-2731094
RASHTRIYA MADHYAMIK SHIKSHA ABHIYAN
മഴവെള്ള സംഭരണി

# ഡ്രോയിംഗ്



റാസി കെ കെ (8B)



# പെൻസിൽ ഡ്രോയിംഗ്



അജ്മൽ ടി (10B)



നൗറ

# ജലചരായം



ഫാസിൽ (9B)



# ജലചരായം



ഫജർ (6A)



# ജലചരായം



നാസിഫ് വി പി (9B)



നൗറ



# മലയാളത്തിളക്കം



# BY
# GOVT CITY H S S